**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1009** **29-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക വിളകൾക്ക് വന്യമൃഗങ്ങളുടെ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജകമണ്ഡലത്തിലെ മലയോര മേഖലയിലെ കാർഷിക വിളകൾക്ക് ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം മൂലം നാശനഷ്ടം സംഭവിക്കുന്ന വിഷയം വിലയിരുത്തിയിട്ടുണ്ടോ; | (എ) | **നെന്മാറ നിയോജകമണ്ഡലത്തിലെ മലയോര മേഖലകളിൽ വന്യമൃഗങ്ങളുടെ ശല്യം മൂലം കാർഷിക വിളകൾക്ക് നാശനഷ്ടം സംഭവിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്.** |
| (ബി) | ഇത്തരത്തിൽ കൃഷിനാശം സംഭവിക്കുന്നത് തടയുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി വനാതിർത്തികളിൽ 80.85 കി.മീ. സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നെന്മാറ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പൊതുജന പങ്കാളിത്തത്തോടെ തദ്ദേശിയരും, വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 6 എണ്ണം (നെല്ലിയാമ്പതി, അയിലൂർ, നെന്മാറ, മുതലമട, എലവഞ്ചേരി, കൊല്ലങ്കോട്) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ജനവാസമേഖലയിൽ ഇറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി പ്രത്യേക വാച്ചർമാരെയും നിയോഗിച്ചിട്ടുണ്ട്. വന്യജീവികളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിക്കുന്നതിന് മതിയായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ കൃഷിനാശത്തിന് സ.ഉ. (കൈ) നം.2/2015/വനം തീയതി 08.01.2015 പ്രകാരമുള്ള നിരക്കിൽ നഷ്ടപരിഹാരം അനുവദിച്ച് വരുന്നുണ്ട്. |
| (സി) | ഈ വിഷയത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന് കീഴിൽ റാപ്പിഡ് റെസ്പോൺസ് ടീമിനെ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഈ വിഷയത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി നെന്മാറ ഫോറസ്റ്റ് ഡിവിഷനു കീഴിൽ ഒരു ആർ.ആർ.ടി. രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ